"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 22-07-2021

**സർക്കുലർ നം 47**

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് നേരിട്ട് നിയന്ത്രിക്കുന്നതും സീനിയർ ഓഫീസർമാരെന്ന നിലയിൽ സ്ഥാപനമേധാവികൾ ഉൾപ്പെടുന്നതുമായ വാട്സ് ആപ് ഗ്രൂപ്പിൽ ലോക്കപ്പ്-അൺലോക്ക് വിവരങ്ങൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യണമെന്നത് കർശനമായി പാലിക്കാനായി നൽകിയിരിക്കുന്ന നിർദ്ദേശമാണ്.

എന്നാൽ പ്രസ്തുത വാട്സ് ആപ്പ് ഗ്രൂപ്പ് മുഖേന കൃത്യ സമയത്ത് നിർദ്ദേശിച്ചിരിക്കുന്ന വിവരങ്ങൾ അറിയിക്കുന്നതിൽ പല സൂപ്രണ്ടുമാരും വീഴ്ച വരുത്തുന്നത് പതിവായിരിക്കുന്നു. ഏതെങ്കിലും ഒരു സമയത്ത് ലോക്ക് അപ്പിന്റെയോ അൺലോക്കിന്റെയോ മാത്രം വിവരങ്ങൾ അയയ്ക്കുന്ന പലരും നിശ്ചിത സമയക്രമം കൃത്യമായി പാലിക്കുന്നില്ല. റിപ്പോർട്ട് ചെയ്യുന്നതിലെ കണക്കുകൾ പരിശോധിക്കുമ്പോൾ പലപ്പോഴും കൺട്രോൾ റൂമിലേയ്ക്ക് അയയ്ക്കുന്ന ലോക്കപ്പ്-അൺലോക്ക് റിപ്പോർട്ടുകളുമായി വ്യത്യാസമുള്ളതായും കണ്ടുവരുന്നുണ്ട്. 19.07.2021-ൽ വിയ്യൂർ സെൻട്രൽ ജയിൽ സൂപ്രണ്ട്, ചീമേനി തുറന്ന ജയിൽ സൂപ്രണ്ട്, എറണാകുളം, കോഴിക്കോട്, ആലപ്പുഴ, പാലക്കാട്, ഹോസ്ദുർഗ്ഗ് എന്നീ ജില്ലാ ജയിൽ സൂപ്രണ്ടുമാരും വടകര സബ് ജയിൽ സൂപ്രണ്ടും ഒരു തവണ മാത്രമാണ് വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

കാസറഗോഡ്, തലശ്ശേരി, തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ടുമാരും കണ്ണൂർ, തിരുവനന്തപുരം വനിതാ ജയിൽ സൂപ്രണ്ടുമാരും ലോക്കപ്പ് അൺലോക്ക് വിവരങ്ങൾ റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. താരതമ്യേന സബ് ജയിൽ സൂപ്രണ്ടുമാർ മാത്രമാണ് കൃത്യമായി യഥാസമയം വിവരങ്ങൾ അറിയിക്കുന്നത്.

ഈ നടപടി സൂപ്രണ്ടുമാരുടെ കാര്യക്ഷമതയില്ലായ്മയുടെയും താല്പര്യപൂർണ്ണമല്ലാത്ത പ്രവർത്തനത്തിന്റെയും അച്ചടക്കമില്ലായ്മയുടെയും അനുസരണക്കുറവിന്റെയും ലക്ഷണമായി എടുക്കാവുന്നതാണ്. ഒപ്പം ഇത്തരത്തിലുള്ള സന്ദേശങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യാനുള്ള സാധ്യതയില്ലെന്ന ലാഘവപൂർണ്ണമായ മനോഭാവം കൂടി വെളിവാകുന്നുണ്ട്.

ഈ വിധത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എല്ലാ സൂപ്രണ്ടുമാരും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. റിപ്പോർട്ടുകൾ വേഗത്തിൽ എത്തുന്നതിനും സർക്കാരിലോ കോടതികളിലോ സമർപ്പിക്കുന്നതിനായി ക്രോഡീകരിക്കുന്നതിനും വകുപ്പദ്ധ്യക്ഷനെ സഹായിക്കുന്നതിനായുള്ള മാർഗ്ഗമെന്ന നിലയിൽ ആശ്രയിക്കപ്പെടുന്ന വാട്സ് ആപ്പ് സന്ദേശങ്ങൾ വിവരങ്ങളിൽ സൂക്ഷ്മതയും സമയത്തിൽ കൃത്യതയും പാലിക്കേണ്ടവയാണെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

ഋഷി രാജ് സിംഗ് IPS

DIG(HQ)-18404/2021/PrHQ

ee4f08

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്:  എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
ഉത്തര/മദ്ധ്യ/ദക്ഷിണ മേഖല.

DIG(HQ)-18404/2021/PrHQ

ee4f08